## വിവാഹം

**പ**നമ്പിള്ളി നഗർ കാട്ടുമങ്ങാട്ട് ശ്രീ. മാത്യു വർഗ്ഗീസിന്റെയും പരേതയായ അനേല മേരി മാത്യുവിന്റെയും മകൻ **മാത്യു വർഗ്ഗീസും** കോട്ടയം വടവാതൂർ കളരിക്കൽ വീട്ടിൽ പരേതനായ പ്രതാപ് ജോണിന്റെയും ശ്രീമതി ആനി ജോണിന്റെയും മകൾ **അഞ്ജലി അന്നാ ജോണും** 2019 ജനുവരി മാസം 6-ാം തീയതി എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

**ചി**ലവന്നൂർ കുറിച്യത്ത് അച്ചനാരിൽ ശ്രീ. വർഗ്ഗീസ് ചാക്കോയുടെയും ശ്രീമതി ബീനാ ചാക്കോയുടെയും മകൻ **അജയ് ചാക്കോയും** ഇടപ്പള്ളി പുത്തൻ വില്ല ഏതൻസിൽ ശ്രീ. തോമസ് ജോർജിന്റെയും ശ്രീമതി ബിനു തോമസിന്റെയും മകൾ **അതിനാ തോമസും** 2019 ജനുവരി മാസം 7-ാം തീയതി എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

**പ**ച്ചാളം അയ്യംകുളങ്ങര വീട്ടിൽ ശ്രീ. എ. വി. വീബോയിയുടെയും ശ്രീമതി എത്സി വീബോയിയുടെയും മകൻ **എ. വി. ലീയോയും** കുന്ദംകുളം കാണിപ്പയ്യൂർ ചുങ്കത്ത് വീട്ടിൽ ശ്രീ. സി. ജെ. വർഗ്ഗീസിന്റെയും ശ്രീമതി ഷീലാ വർഗ്ഗീസിന്റെയും മകൾ **നിലഞ്ജന മരിയാ വർഗ്ഗീസും** 2019 ജനുവരി മാസം 13-ാം തീയതി എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

**ഗ**ാന്ധിനഗർ പാലത്തിങ്കൽ വീട്ടിൽ പരേതനായ വർഗ്ഗീസ് പി. വർക്കിയുടെയും ശ്രീമതി രമണി വർക്കിയുടെയും മകൻ **മാത്യു വി. പാലത്തിങ്കലും** ഏഴക്കരനാട് പിറമാടത്ത് വീട്ടിൽ ശ്രീ. ടൈറ്റസ് ജോണിന്റെയും ശ്രീമതി വത്സാ ടൈറ്റസിന്റെയും മകൾ **സാറാ ടൈറ്റസും** 2019 ജനുവരി മാസം 20-ാം തീയതി എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## അറിയിപ്പ്

**എ**റണാകുളം സെൻറ് മേരീസ് കത്തീഡ്രലിന്റെ കിഴക്കുവശത്തുള്ള മാർ പക്കോമിയോസ് നഗർ മോടി പിടിപ്പിച്ചിട്ടുള്ള വിവരം ഇതിനകം എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമല്ലോ. ഏഴായിരത്തിലധികം ചതുരശ്ര അടി ഇപ്രകാരം തയ്യാറാക്കിയിട്ടുണ്ട്. നാനൂറ് ചതുരശ്ര അടിയോളം വരുന്ന സ്റ്റേജ്, നല്ല ഒരു അടുക്കള, രണ്ട് ഭാഗത്തായി വാഷ്, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. കാർ പാർക്കിങ്ങിനായി ബോട്ട് ജെട്ടിക്കുള്ളിലും, ബോട്ട് ജെട്ടിയിൽ നിന്ന് കിഴക്കോട്ടുള്ള റോഡിൽ YAS RESTAURANT BEST BAKERS മുൻ വശത്തായും കാനൻഷെഡ് റോഡ്-മാർക്കറ്റ് റോഡ് ജംഗ്ഷനിലും കാർ പാർക്കിങ്ങ് സൗകര്യമുണ്ട്. ഞായറാഴ്ചകളിൽ റവന്യൂ ടവറിലും ഈ സൗകര്യം ലഭ്യമാണ്. വിവാഹങ്ങൾ, വിവാഹനിശ്ചയം, മാമോദീസ, മരണാനന്തര ചടങ്ങുകൾ, വിവാഹത്തലേന്നുള്ള ചടങ്ങുകൾ എന്നിവയ്ക്ക് ക്രിസ്തീയതയ്ക്ക് യോജിച്ച രീതിയിൽ ഇടവകക്കാർക്ക് നൽകുവാൻ പള്ളി പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനകം പലരും ഈ സൗകര്യം ഉപയോഗിക്കുകയും അഡ്വാൻസായി ബുക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

*(ഇടയലേഖനം തുടർച്ച)*

ണ്ടതാണ്. വി. വേദപുസ്തകത്തോടുള്ള നമ്മുടെ ബന്ധം 'Casual' അല്ല, അത് Organic ആണ്. അത് നമ്മുടെ അന്തരാത്മാവിലേക്ക് ഇറങ്ങി അവിടെ വെളിച്ചം പരത്തേണ്ടതാണ്. തിരുവചനം ജീവനുള്ളതും വേദപാരായണവും, ധ്യാനവും ഒരിക്കലും ഒരൗപചാരികമല്ല. അത് പ്രാണവായു പോലെ നിർണ്ണായക പ്രാധാന്യമുള്ളതാണ്. എത്ര പാരായണം നടത്തിയാലും പുതുമ നഷ്ടപ്പെടാത്ത ഒരു ഗ്രന്ഥമാണ് ബൈബിൾ. സാരഗ്രഹണവും അങ്ങനെതന്നെ. നിർബന്ധം കൂടാതെ സ്വാഭാവികമായി നിർവ്വഹിക്കേണ്ടതാണ് വേദപാരായണം. അത് നമുക്ക് ഉൾവെളിച്ചം നൽകി നമ്മെ ശുദ്ധീകരിക്കാൻ പോരുന്നതാണ്. ■

## പ്രാർത്ഥനാ യോഗങ്ങൾ

| St. George Unit (Kaloor Area) 03-02-2019 - 4 pm | St. Thomas Unit (North-Pachalam Area) 17-02-2019 - 4 pm | St. Dionysius Unit (Vyttila-Maradu Area) 24-02-2019 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 24-02-2019 -4 pm |
|---|---|---|---|
| **ശ്രീമതി എൽസി ജോബ് (ലിബർട്ടി)** | **ശ്രീ. വി. റ്റി. ഇട്ടിയരക്കുട്ടി** | **ശ്രീ. എൻ. സി. മത്തായി** | **ശ്രീ. സി. കെ. തോമസ്** |
| തോലത്ത് ഹൗസ് | 47/217 ഡി. ഏദെൻ വില്ല | നീരൻ മംഗൾ | No:34 , കൃഷ്ണവിഹാർ കോളനി |
| എൽ. എഫ്. സി റോഡ് | ആംഗ്ലോ ഇന്ത്യൻ സ്കൂൾപ്പടി ഈസ്റ്റ് | പറപ്പള്ളി റോഡ് | പനമ്പിള്ളി നഗർ |
| കലൂർ | വടുതല | തിരുവാങ്കുളം | കൊച്ചി – 682036 |
| Ph: 9946233222 | Ph: 9567960376, 8129180181 | Ph: 9995998380 | Ph: 2317411, 9633338973 |




Editorial Board : Fr. Jiju Varghese (Vicar), K.K. George (94470 40484), Paulose Jacob, V. N. Philipose, Mammen Abraham & Suma Mathew.
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490
Design & Lay-out: dittografix, Printed at Geo Printshop, Ernakulam





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 13 ISSUE : 02 February 2019

## എഡിറ്റോറിയൽ

### ആദർശങ്ങളും ദൃഢനിശ്ചയങ്ങളും

**ന**ല്ല ആദർശങ്ങളോടെ ജീവിച്ച പലരെയും ജീവിതയാത്രയിൽ പലയിടത്തും അവരുടെ ആദർശങ്ങൾ മറ്റുള്ള ഇടപെടലുകൾക്ക് അടിയറവെച്ച് നിരാശരായി കഴിയുന്നത് കണ്ടിട്ടുണ്ടല്ലോ.. നല്ല ആദർശങ്ങൾ ഉള്ളവർക്ക് അതു പ്രാവർത്തികമാക്കാനുള്ള ദൃഢനിശ്ചയവും ഉണ്ടാകേണ്ടിയിരിക്കുന്നു. സെറാമ്പൂർ യൂണിവേഴ്സിറ്റിയെക്കുറിച്ചു കേൾക്കാത്തവർ ചുരുക്കമാണല്ലോ. അതിന്റെ തുടക്കത്തെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതാണ്. വില്യം ക്യാേറി എന്ന സുവിശേഷകൻ മിഷനറി സമൂഹത്തിന്റെ വിലക്കിനെ വകവെയ്ക്കാതെ ഭാരതത്തിൽ സുവിശേഷ വേലയ്ക്കായി കൽക്കട്ടയിൽ എത്തി. എന്നാൽ അന്നത്തെ ബ്രിട്ടീഷ് ഭരണ സ്വാധീനം ഉപയോഗിച്ച് ഈസ്റ്റ് ഇന്ത്യ കമ്പനി അദ്ദേഹത്തിന് കൽക്കട്ടയിലേക്കു പ്രവേശനാനുമതി നിഷേധിച്ചു. അദ്ദേഹം നിരാശനാകാതെ സെറാമ്പുറിലേക്കു പോയി. അവിടെ താമസിച്ച് ബൈബിൾ പല ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും സെറാമ്പൂർ കോളേജും, യൂണിവേഴ്സിറ്റിയും സ്ഥാപിക്കുവാൻ പ്രാരംഭ ജോലികൾ ആരംഭിക്കുകയും ചെയ്തു. ഇതു കാണിക്കുന്നത് ആദർശമുണ്ടായിരുന്നാൽ മാത്രം പോര, ഉദ്ദേശ ശുദ്ധിയും, ദൃഢനിശ്ചയവും കൂടിയുണ്ടെങ്കിൽ ഏതു പ്രതിബന്ധങ്ങളെയും തരണം ചെയ്തു കാര്യം സാധിക്കാനാകുമെന്നാണല്ലോ. പല തീരുമാനങ്ങളും എടുക്കുന്നത് ദൈവത്തിന്റെ ഇഷ്ടമനുസരിച്ചായിരിക്കുമല്ലോ. അതുകൊണ്ട് ബാഹ്യ പ്രേരണയാൽ അതിൽ നിന്നും മാറുന്നതും ശരിയായിരിക്കുകയില്ല.

വി. പൗലോസ് പറയും പോലെ 'ഞങ്ങൾ ഫിലിപ്യയിൽ വെച്ച് കഷ്ടവും, അപമാനവും അനുഭവിച്ചിട്ടും വലിയ പോരാട്ടത്തോടെ ദൈവത്തിന്റെ സുവിശേഷം നിങ്ങളോട് പ്രസംഗിപ്പാൻ ഞങ്ങളുടെ ദൈവത്തിൽ ധൈര്യപ്പെട്ടിരുന്നു(1 തെസ 2:2). യേശുവിന്റെ ശിഷ്യന്മാർ അവരുടെ ആദർശവും, സുവിശേഷത്തിനുള്ള ദൃഢനിശ്ചയവും എങ്ങിനെ കാത്തു സൂക്ഷിച്ചെന്ന് നാം വായിക്കുന്നുണ്ടല്ലോ. അവർക്കെതിരെ ഉണ്ടായ പ്രവർത്തനങ്ങൾ അവരുടെ ദൃഢനിശ്ചയം മാറ്റാൻ സഹായിച്ചില്ല എന്ന് കാണാം.

ശൗൽ രാജാവിന്റെയും, ആദർശവാനായ ദാവീദിന്റെയും ജീവിതം ബൈബിളിൽ വിവരിച്ചിട്ടുള്ളതും നമുക്ക് പാഠമാക്കാം. പലപ്പോഴും ദാവീദിനെ അപായപ്പെടുത്തുവാൻ ശൗൽ ശ്രമിക്കുന്നത് കാണാം. എന്നാൽ യഹോവയാൽ അഭിഷിക്തനായവനെ ഉപദ്രവിക്കയില്ല എന്നുള്ളതായിരുന്നു ദാവീദിന്റെ ആദർശം. പല സന്ദർഭങ്ങളും പ്രേരണകളുമുണ്ടായെങ്കിലും ദാവീദ് തന്റെ നിശ്ചയത്തിൽ ഉറച്ചു നിൽക്കുകയായിരുന്നു.
(1 ശാമുവേൽ 26 :23)

നല്ല ആദർശങ്ങൾ കാത്തു സൂക്ഷിക്കേണ്ടത് നമ്മുടെ ഉൾപ്രേരണയാൽ മാത്രമായിരിക്കണം. അതിൽ നിന്ന് മാറി സഞ്ചരിക്കുവാൻ പരപ്രേരണ കാരണമാവരുത്. ■

## ഇടയ ലേഖനം

### തിരുവചനം ശുദ്ധീകരിക്കുന്നു

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



**യേ**ശുക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ പിതൃവചനം ശുദ്ധീകരണ മുഖാന്തിരമാണെന്നു പരാമർശിച്ചിരിക്കുന്നു. ദൈവവചനം സൃഷ്ടിശക്തിയുള്ളതും, പ്രകാശിപ്പിക്കുന്നത്, ഭേദാഭേദങ്ങളെ വിവേചിക്കുന്നതുമാകുന്നു എന്ന് നാം തിരിച്ചറിയുന്നു. ഈ ആശയത്തിന്റെ ഉത്ക്കൃഷ്ട രൂപമാണ് വി. യൂഹാനോൻ തന്റെ സുവിശേഷത്തിന്റെ ഉദയഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. 'വചനം' അനാദിയാണെന്ന് ഇവിടെ സ്പഷ്ടമാക്കിയിരിക്കുന്നു. 'ആദിയിൽ' എന്നതിന് മുമ്പേ അതുണ്ടായിരുന്നു!. ദൈവത്തെ പരാമർശിച്ചാണ് ഈ പ്രസ്താവന. മാത്രമല്ല, മനുഷ്യദേഹം സ്വീകരിച്ച ദൈവത്തെ 'വചനം' എന്ന് വർണ്ണിച്ചിരിക്കുന്നു. ഈ പാഠം നൽകുന്ന സന്ദേശം വ്യക്തമാണ്. ദൈവബന്ധത്തിലൂടെയേ ഏതുതരം ശുദ്ധീകരണം സാദ്ധ്യമാകൂ. നസറായനായ യേശുവിനെ, പ്രത്യാശയോടെ സമീപിച്ച സകലരുടെയും കഥയാണിത്. ചിലപ്പോൾ അദ്ദേഹം ഒന്നും സംസാരിക്കില്ല. ചിലപ്പോൾ സംസാരിക്കുന്നു. സ്വയ ശുദ്ധീകരണത്തിലൂടെയാണ് 'വചന'മായ ദൈവം ഇത് നിവർത്തിക്കുന്നത്. 'അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു' എന്നത് ഉദാത്തമായ ഒരു അവകാശവാദം തന്നെയാണ്. 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്ന ഉത്തരവ്, ഈ ശുദ്ധീകരണത്തിന്റെ ഉദാഹരണം തന്നെ.

ഇതിനൊരു മറുവശമുണ്ട്. വചനം ശുദ്ധി നൽകുന്നു എന്ന് പറയുമ്പോൾത്തന്നെ, ശുദ്ധിയ്ക്കു പകരം അശുദ്ധി പരത്തുന്ന 'വചന'വുമുണ്ട്. 'ഇരുട്ടിൽ സഞ്ചരിക്കുന്ന വചനം', 'ഉച്ചയിൽ ഊതുന്ന കാറ്റ്', 'നശിപ്പിക്കുന്ന സംഹാരം' എന്നിവയെല്ലാം അധമമായ 'വചനം' വരുത്തുന്ന അനർത്ഥങ്ങളെപ്പറ്റിയുള്ള പരാമർശങ്ങളാണ്. വചനത്തിന്റെ അയോഗ്യമായ ഉപയോഗം ശുദ്ധി വരുത്തുന്നതായിരിക്കില്ല. 'കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ' അത് മാരകായുധത്തേക്കാൾ ഭയങ്കരമായിരിക്കുമെന്ന് പരമ്പരാഗത ജ്ഞാനം പറഞ്ഞുതരുന്നുണ്ടല്ലോ.

ഈശ്വര ദർശനത്തിനുള്ള ഉപാധിയായി 'ശുദ്ധീകരണ'ത്തെ പരാമർശിച്ചിരിക്കുന്നു. ശുദ്ധീകരണം കൂടാതെ ദൈവത്തെ ആരും കാണുകയില്ല എന്ന് അപ്പോസ്തോലൻ ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു. ശുദ്ധീകരണത്തിനുള്ള മാർഗ്ഗം ദൈവ വചനവും.

മേൽപ്പറഞ്ഞ സംഗതികളുടെ വെളിച്ചത്തിൽ, ദൈവവചനത്തോടുള്ള നമ്മുടെ മനോഭാവം, അടുപ്പം, ആശ്രയം എന്നിവയെ നിർണ്ണയിക്കേണ്ടതാണ്. ദൈവവചന പാരായണം, മനനം, സ്മൃതി എന്നിവയ്ക്കെല്ലാം ഗൗരവതരമായ പ്രാധാന്യം നൽകേ

*(ശേഷം 4-ാം പേജിൽ)*

**വികാരിയുടെ കത്ത്**

# Divine Jealousy

**Fr. Paul George**



**For you shall worship no other God, because the Lord, whose name is jealous, is a jealous God**
**Exo 34:14 (NRSV)**

We normally think of jealousy as being a negative trait. Yet jealousy can also be a divine trait. It is important to understand how the word jealous is used? Its use in Exo 34:14 to describe God is different from how it is used to describe the sin of jealousy in Gal 5:20. Sinful jealousy has at its root covetousness (Mark 7:22; James 4:2). To covet is to strongly desire something belonging to someone else. Covetousness is dissatisfaction with what God has given us and an obsessive fascination with what He has given someone else. When we covet something belonging to another, we cannot love that person as we should because we see him or her as competition. Lust is also a form of covetousness (Col 3:5). However, there are times when jealousy is appropriate. God is described as being provoked to jealousy over idolatry (Exo 34:14, 20:4–5). God is jealous when someone takes something that rightly belongs to Him and keeps it for himself or gives it to another. God alone deserves our worship and praise (Jer 10:6–7). When we give worship to false gods, we commit a grave injustice, and God's righteous jealousy is provoked (2 Kgs 22:17; Ps 78:58).

When St.Paul speaks of godly jealousy, he means the kind of jealousy that God has. The Corinthians had a propensity to embrace heresy and false teachers. He had filled them with the Holy Spirit and granted them supernatural gifts (1 Cor 1:7), yet they still tended toward gullibility and unfaithfulness. In 2 Corinthians 11:2 he also compares his jealousy over the Corinthian church with that of a bridegroom toward his beloved. A bride has promised her heart to her husband alone, and, should she prove unfaithful, he would experience godly jealousy. St.Paul had an ardent love for the Corinthian church he founded. But the Corinthians' ongoing tendency toward error grieved him, and he feared they were being spiritually seduced by smooth-talking false teachers. Apostle Paul rebuked, counselled, encouraged, and corrected them in his letters, one of which has been lost to us (see 1 Cor5:9). And when he received word that they were again entertaining false teachers (2 Cor 11:5, 13–15), he was filled with God's own jealousy for them.

**“We can discern the difference between ungodly, selfish jealousy and godly jealousy when we identify the desired outcome”.**

With selfish, sinful jealousy, we are the beneficiaries of our covetous thoughts. We are the recipients of imagined admiration, wealth, or blessing. But with divine jealousy God is the recipient of our desire. We are jealous for the will of God in a situation. We are jealous for Him to be glorified. Godly jealousy wakes us up at night to intercede for a lost loved one. Godly jealousy motivates us to confront a sinning brother or sister when we don't want to, in order to save them from the enemy (James 5:20). Godly jealousy created difficulties and sorrows for Paul the Apostle because he refused to stop speaking the truth, even when his hearers did not want to listen (2 Cor 5:14). Godly jealousy is love in action (1 Cor 13:4–7). ■

## വിശേഷ ദിവസങ്ങൾ

**ഫെബ്രുവരി**

| | |
|---|---|
| 9 ശനി | പ്രഥമ വികാരി മുരീയ്ക്കൽ അച്ചന്റെ ഓർമ്മ |
| 10 ഞായർ | മൂന്നു നോമ്പിലെ പേത്തുർത്താ ഞായർ |
| 11 തിങ്കൾ | നിനുവേ നോമ്പ് (3 നോമ്പ് ആരംഭം) |
| 14 വ്യാഴം | നിനുവേ നോമ്പ് വീടൽ, യോനാ ദീർഘദർശിയുടെ ഓർമ്മ |
| 17 ഞായർ | പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായർ (കോഹനേ ഞായർ) |
| 23 ശനി | പ. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ 85-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി) |
| 24 ഞായർ | സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ |

**മാർച്ച്**

| | |
|---|---|
| 3 ഞായർ | കൊത്തിനോ ഞായറാഴ്ച (പേത്തുർത്താ ഞായർ) |

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Feb 10 - 07.00 am, Feb 17 - 10.00 am<br>Feb 24 - 07.00 am, Mar 03 - 10.00 am. |
| സെമിത്തേരിമുക്ക് ചാപ്പൽ: | Feb 17 - 07.30 am, Feb 24 - 07.30 am<br>Mar 03 - 07.30 am. |

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

## നിര്യാതരായി



ലായം റോഡ്, അടങ്ങപ്പുറം പരേതനായ ഡോ. എ. കെ. ഏബ്രഹാമിന്റെ ഭാര്യ **മായാ ഏബ്രഹാം** (69) 2019 ജനുവരി മാസം 8-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്ക്കാരം 10-ാം തീയതി എളംകുളം സെമിത്തേരിയിൽ നടത്തപ്പെട്ടു.



എറണാകുളം നോർത്ത്, പനക്കൽ വീട്ടിൽ **എ. കെ. തേത്തു**, പരേതനായ പി. വി. പൗലോസിന്റെ ഭാര്യ 2019 ജനുവരി മാസം 11-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്ക്കാരം 11-ാം തീയതി എളംകുളം സെമിത്തേരിയിൽ നടത്തപ്പെട്ടു.

*ആദരാഞ്ജലികൾ*

## മാമോദീസ

അയ്യപ്പൻകാവ് ചുങ്കത്ത് വീട്ടിൽ ശ്രീ. റെബിൻ സി. രാജന്റെയും ശ്രീമതി ജീനാ സൂസൻ കുര്യന്റെയും മകൻ **ഡാനിയൽ റെബിൻ ചുങ്കത്ത് (കുര്യൻ)** 2019 ജനുവരി മാസം 19-ാം തീയതി മാമോദീസ സ്വീകരിച്ചു.

വളയൻചിറങ്ങര കൊല്ലറമാലിൽ വീട്ടിൽ ശ്രീ. ജോർജ് കൊല്ലറമാലിൽ പോളിന്റെയും ശ്രീമതി ജൂലിൻ ജോസിന്റെയും മകൾ **ലില്ലിയൻ ശോശ ജോർജ്** 2019 ജനുവരി മാസം 26-ാം തീയതി മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*








ഇടവകപ്പെരുന്നാൾ ജനുവരി 13 ന് അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.



മാർ പക്കോമിയോസ് നഗർ കലവറയുടെ കൂദാശ ജനുവരി 12 ന് നടന്നു.

## ഇടവക ദിനവും ആത്മീയ സംഘടനകളുടെ വാർഷികവും ജനുവരി 13 ന് സാഘോഷം കൊണ്ടാടി










സൺഡേ സ്‌കൂൾ അദ്ധ്യാപകർ അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനിയോടൊപ്പം.






## മൂന്ന് നോമ്പ് ആചരണം കത്തീഡ്രലിൽ

2019 ഫെബ്രുവരി 10 മുതൽ 14 വരെ മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ സഞ്ചാര സുവിശേഷ വിഭാഗമായ സുഖദ Gospel Team നേതൃത്വം നൽകുന്നു.

* വി. കുർബ്ബാന * മദ്ധ്യസ്ഥ പ്രാർത്ഥന * വചന ശുശ്രൂഷ * ഗാന ശുശ്രൂഷ * ധ്യാനം

*ഏവർക്കും കർത്തൃനാമത്തിൽ സ്വാഗതം.*

**മൂന്ന് നോമ്പ് വാരാചരണം നടക്കുന്നതിനാൽ ഈ മാസത്തെ പ്രതിമാസ ധ്യാനം ഉണ്ടായിരിക്കുന്നതല്ല.**